കുരുമുളക് വള്ളി എന്തിനാവും മറ്റു സസ്യങ്ങളെ ആശ്രയിക്കുന്നത്?



ഒരു പച്ചക്കറിത്തോട്ടത്തിൽ ഏതെല്ലാം സസ്യങ്ങൾക്കാണ് പിടിച്ചു കയറാനുള്ള സൗകര്യമുള്ളത്?
ഏതെല്ലാം സസ്യങ്ങളാണ് നിലത്ത് പടർന്നു വളരുന്നത്?

കുമ്പളവള്ളി ശ്രദ്ധിക്കൂ.. ഇതിൽ കാണുന്ന സ്പ്രിങ് പോലുള്ള ഈ ഭാഗം എന്തിനു വേണ്ടിയുള്ളതാണ്



# ആരോഹികൾ ( CLIMBERS)






- ദുർബല കാണ്ഡ സസ്യമാണ്.
- താങ്ങുകളിൽ പിടിച്ചു കയറുന്നു.
- പ്രതാനങ്ങളോ പറ്റുവേരുകളോ ഉണ്ട്.
- കുരുമുളക്, പാവൽ, പടവലം എന്നിവ ഉദാഹരണങ്ങളാണ്.

ചുറ്റി പിടിക്കുന്നതിനായി ഇവയിൽ കാണുന്ന സ്പ്രിംഗ് പോലുള്ള ഭാഗങ്ങളാണ് **പ്രതാനങ്ങൾ**.

# ഇഴവള്ളികൾ (CREEPERS)







- ഇഴവള്ളികൾ നിലത്ത് പടർന്ന് വളരുന്നു.
- ദുർബല കാണ്ഡ സസ്യങ്ങളാണ്.
- പ്രതാനങ്ങളോ പറ്റുവേരുകളോ ഇല്ല.
- കൊടങ്ങൽ, സ്ട്രോബെറി, മധുരക്കിഴങ്ങ് എന്നിവ ഉദാഹരണങ്ങളാണ്.

| ആരോഹികൾ | ഇഴവള്ളികൾ |
| --- | --- |
| ദുർബല കാണ്ഡ സസ്യങ്ങളാണ്. | ദുർബല കാണ്ഡ സസ്യങ്ങളാണ്. |
| താങ്ങുകളിൽ പിടിച്ചു കയറുന്നു. | നിലത്ത് പടർന്ന് വളരുന്നു |
| പ്രതാനങ്ങളോ പറ്റുവേരുകളോ ഉണ്ട്. | പ്രതാനങ്ങളോ പറ്റുവേരുകളോ ഇല്ല. |
| കുരുമുളക്, പാവൽ, പടവലം എന്നിവ ഉദാഹരണങ്ങളാണ്. | കൊടങ്ങൽ, സ്ട്രോബെറി, മധുരക്കിഴങ്ങ് എന്നിവ ഉദാഹരണങ്ങളാണ്. |